2 ഘട്ടങ്ങളായാണ് നടപ്പാക്കുന്നത്. ഒന്നാം ഘട്ടത്തിലേക്കാവശ്യമായ 96,19,110 രൂപയിൽ റെയിൽ കണക്കിവിറ്റി മുഖാന്തരം ടി പ്രദേശത്തെ മത്സ്യത്തൊഴിലാളികൾക്കുണ്ടായിട്ടുള്ള നഷ്ടപരിഹാരയിനത്തിൽ 27,42,500 രൂപ കൊച്ചിൻ പോർട്ട് ട്രസ്റ്റ് അനുവദിച്ചിട്ടുണ്ട്. ടി യുക എറണാകുളം (മേഖല) ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടറുടെ സ്പെഷ്യൽ ടി.എസ്.ബി. അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുണ്ട്. നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇൻഡ്യയിൽനിന്നും ലഭിക്കാനുള്ള 68,76,610 രൂപ ലഭ്യമായിട്ടില്ല. രണ്ടാം ഘട്ടത്തിൽ ക്യാപ്പിറ്റൽ ഡ്രെഡ്ജിംഗ്മൂലമുണ്ടാകുന്ന തൊഴിൽ, തൊഴിലുപകരണങ്ങൾ എന്നിവയുടെ നഷ്ടപരിഹാരമാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. ഇതിലേക്കായി 1,09,20,625 രൂപയാണ് നഷ്ടപരിഹാര പാക്കേജിൽ സർക്കാർ അംഗീകരിച്ചിട്ടുള്ളത്. രണ്ടാംഘട്ട പ്രവർത്തനങ്ങളാരംഭിക്കുമ്പോൾ മത്സ്യത്തൊഴിലാളികൾക്കായി നൽകേണ്ട ടി യുക കൊച്ചിൻ പോർട്ട് ട്രസ്റ്റിൽ നിന്നാണ് ലഭിക്കേണ്ടത്. 689 പേരാണ് നഷ്ടപരിഹാരത്തിന് അർഹരായവർ, 2,05,39,735 രൂപയാണ് നഷ്ടപരിഹാരത്തുക.

(ബി) ഒന്നാം ഘട്ടത്തിൽ നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇൻഡ്യയിൽ നിന്നും ലഭിക്കാനുള്ള നഷ്ടപരിഹാരത്തുക (68,76,610 രൂപ) ലഭ്യമാകുന്ന മുറയ്ക്ക് നഷ്ടപരിഹാരത്തുക വിതരണം ചെയ്യാനാകുമെന്ന് പ്രതീക്ഷിക്കുന്നു.

(സി) നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇൻഡ്യയിൽനിന്നും യുക ലഭ്യമാകാതിരിക്കുന്നതാണ് നഷ്ടപരിഹാരം നൽകുന്നതിനുള്ള പ്രധാന തടസ്സം.

വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതി പൊതുമേഖലയിൽ നടപ്പാക്കൽ

90 (1794) ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതി പൊതുമേഖലയിൽ നടപ്പാക്കുന്നത് കേന്ദ്രം ഏറ്റെടുക്കാൻ തയ്യാറാണെന്ന് കേന്ദ്ര ഷിപ്പിംഗ് മന്ത്രി ശ്രീ. നിതിൻ ഗഡ്കരി സർക്കാരിനെ അറിയിച്ചിട്ടുണ്ടോ ;

(ബി) ഇക്കാര്യം സംസ്ഥാന സർക്കാരിനെ മറ്റാരെങ്കിലും അറിയിച്ചിട്ടുണ്ടോ ;

(സി) എങ്കിൽ ഇക്കാര്യത്തിലുള്ള നിലപാട് കേന്ദ്ര സർക്കാരിനെ അറിയിച്ചിട്ടുണ്ടോ ; നിലപാട് വെളിപ്പെടുത്താമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) കേന്ദ്ര ഷിപ്പിംഗ് മന്ത്രി ശ്രീ. നിതിൻ ഗഡ്കരിയിൽ നിന്നും സംസ്ഥാന സർക്കാരിന് ഇതുസംബന്ധിച്ച് അറിയിപ്പൊന്നും ഇതുവരെ ലഭിച്ചിട്ടില്ല

(ബി&സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

വിഴിഞ്ഞം ഇന്റർനാഷണൽ സീപോർട്ട് ലിമിറ്റഡ് കമ്പനിയുടെ ബോർഡ് യോഗ തീരുമാനങ്ങൾ

91 (1795) ശ്രീ. പി. കെ. ഗുരുദാസൻ :
ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ :
ശ്രീ. വി. ശിവൻകുട്ടി :
ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിഴിഞ്ഞം തുറമുഖ നിർമ്മാണം അദാനി ഗ്രൂപ്പിനെ ഏല്പിക്കാൻ ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായുള്ള എംപവേർഡ് കമ്മിറ്റി നല്കിയ ശിപാർശയുടെ ഒരു പകർപ്പ് സഭയുടെ മേശപ്പുറത്ത് ലഭ്യമാക്കാമോ ;

(ബി) നിയമ, സ്റ്റോർ പർച്ചേസ് വകുപ്പുകൾ ഇക്കാര്യത്തിൽ ശിപാർശ നൽകുകയുണ്ടായിട്ടുണ്ടോ ; എങ്കിൽ അവയുടെ പകർപ്പുകൾ മേശപ്പുറത്ത് ലഭ്യമാക്കാമോ ;

(സി) പദ്ധതിയുടെ കൺസൾട്ടന്റുമാരായ ഏണസ്റ്റ് ആന്റ് യങ്ങിന്റെ ശിപാർശ എന്തായിരുന്നു ; ആയതിന്റെ പകർപ്പ് സഭയുടെ മേശപ്പുറത്ത് ലഭ്യമാക്കാമോ ;

(ഡി) പദ്ധതിയുടെ കാര്യത്തിൽ അന്തിമ തീരുമാനം കൈക്കൊണ്ട മുഖ്യമന്ത്രി അദ്ധ്യക്ഷനായ വിഴിഞ്ഞം ഇന്റർനാഷണൽ സീപോർട്ട് ലിമിറ്റഡ് കമ്പനിയുടെ ബോർഡ് യോഗ തീരുമാനങ്ങൾ എന്തെല്ലാമായിരുന്നു ; യോഗം പരിഗണിച്ച അജണ്ട നോട്ടിന്റേയും തീരുമാനങ്ങളുടെയും പകർപ്പ് ലഭ്യമാക്കാമോ ;

(ഇ) സർക്കാർ ഇക്കാര്യത്തിൽ എടുത്ത അന്തിമ തീരുമാനങ്ങൾ വിശദമാക്കാമോ ?

ഉത്തരം

(എ) എംപവേർഡ് കമ്മിറ്റിയുടെ ശിപാർശയുടെ പകർപ്പ് അനുബന്ധം I ആയി വച്ചിട്ടുണ്ട്.*

(ബി) നിയമ, സ്റ്റോർ പർച്ചേസ് വകുപ്പുകളുടെ അഭിപ്രായം യഥാക്രമം അനുബന്ധം II-ഉം അനുബന്ധം III-ഉം ആയി വച്ചിട്ടുണ്ട്. *

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly